**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1038** **28.04.2017-ലെ മറുപടിക്ക്**

**'ഭൂപരിഷ്കരണ നിയമം പുതുക്കുന്നതിന് നടപടി'**

**ചോദ്യം** **മറുപടി**

**ശ്രീ.എം.ഉമ്മർ** **ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം പുതുക്കുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിലെ 81-ാം വകുപ്പ് പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ഭൂപരിധി ഒഴിവാക്കി നൽകിയ ഭൂമി തുണ്ടുകളാക്കി കൈമാറ്റം നടത്തുകയും കൈമാറ്റത്തിലൂടെ ഭൂമി ആർജിക്കുന്ന ആൾ പ്രസ്തുത ഭൂമി അതേ ആവശ്യത്തിന് തന്നെ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിന് ഉതകുന്ന തരത്തിൽ 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിൽ പുതിയതായി 87A വകുപ്പ് ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | തോട്ടഭൂമിയുടെ പരമാവധി പരിധി സംബന്ധിച്ച് പുന:ക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (സി) | ഉണ്ടെങ്കിൽ അതോടൊപ്പം കയ്യേറ്റക്കാരിൽ നിന്നും ഭൂമി തിരിച്ചു പിടിക്കുന്നതിനു നിയമനിർമ്മാണം നടത്തുമോ; | (സി) | കയ്യേറ്റക്കാരിൽ നിന്നും ഭൂമി തിരിച്ചു പിടിക്കുന്നതിനും ഭൂമി സംരക്ഷിക്കുന്നതിനും സർക്കാർ ഭൂമിയിലെ കയ്യേറ്റം മുതലായവ തടയുന്നതിനും പര്യാപ്തമായ കേരള ഭൂസംരക്ഷണ നിയമം നിലവിലുണ്ട്. 2009-ലെ നിയമഭേദഗതിയിലൂടെ ടി നിയമം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഭൂമി സംരക്ഷിക്കുന്നതിന് മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 86(6)ലെ വ്യവസ്ഥാനുസരണവും കേരള ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത നിയമം പ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റക്കാർക്ക് 3 വർഷത്തിൽ കുറയാത്തതും 5 വർഷം വരെ ആകാവുന്നതുമായ തടവ് ശിക്ഷയും 50,000 രൂപയിൽ കുറയാത്തതും 2 ലക്ഷം രൂപ വരെ ആകാവുന്നതുമായ തുക പിഴയായി ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**